(ബി) ഏതൊക്കെ രാജ്യങ്ങളിലേക്കാണ് കയറ്റുമതിചെയ്യുന്നതെന്ന് വിശദമാക്കുമോ;

(സി) ചൈനയിലേക്ക് റബ്ബർ കയറ്റുമതി ചെയ്യുന്നതിന് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന് ഓർഡർ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര ടണ്ണിന് ഓർഡർ ലഭിച്ചുവെന്നും ഈ കയറ്റുമതിക്ക് ആവശ്യമായ എന്തൊക്കെ സഹായങ്ങൾ സർക്കാർ ചെയ്തുവരുന്നുണ്ടെന്നും വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 6131 മെ.ടൺ

(ബി) നേപ്പാൾ, ഇറാൻ, റഷ്യ, സിംഗപ്പൂർ, സ്പെയിൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലേക്ക്.

(സി) ഓർഡർ ലഭിച്ചിട്ടുണ്ട്.

(ഡി) 3000 മെ.ടൺ റബ്ബറിന് ഓർഡർ ലഭിച്ചിട്ടുണ്ട്. റബ്ബർ കയറ്റുമതി ചെയ്യുമ്പോൾ നഷ്ടം ഉണ്ടായാൽ അത് സർക്കാർ നികത്തിക്കൊടുക്കാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.

27 (*283) സ്റ്റോർ പർച്ചേസ് റൂൾ സംബന്ധിച്ച്

ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ഓഫീസുകളും സ്റ്റോർ പർച്ചേസ് റൂൾ അനുസരിച്ചുള്ള പർച്ചേസ് നടത്തുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് ധനകാര്യവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജനകീയാസൂത്രണ പരിപാടി നിലവിൽ വന്നതിനുശേഷം തദ്ദേശഭരണസ്ഥാപനങ്ങൾക്കുവേണ്ടി ധാരാളം പർച്ചേസുകൾ നടത്തേണ്ടിവരുന്നതിനാൽ റേറ്റ് കോൺട്രാക്ട് ഉൾപ്പെടെ സ്റ്റോർ പർച്ചേസ് റൂൾ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും അനുബന്ധ ഓഫീസുകളിലും ലഭ്യമാക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും എന്നത്തേയ്ക്ക് ഇവ ലഭ്യമാക്കാൻ കഴിയുമെന്നും അറിയിക്കുമോ;

(ഡി) സ്റ്റോർ പർച്ചേസ് റൂൾ മലയാളഭാഷയിൽ ലഭ്യമായോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള ഓഫീസുകളിൽ ഇവ മലയാളത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ഇപ്പോൾ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ ലിസ്റ്റും വിലയും പത്രങ്ങളിലൂടെ അറിയിപ്പു നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ എന്ന് പ്രസിദ്ധീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

ധകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സ്റ്റോർ പർച്ചേസിലേക്ക് റൂൾ അനുസരിച്ചുള്ള പർച്ചേസ് നടത്തുന്നുവെന്ന് ഉറപ്പ് വരുത്താനായി സ്റ്റോർ പർച്ചേസ് വകുപ്പിലെ രണ്ട് ഇൻസ്പെക്ഷൻ ടീമുകൾ സർക്കാർ ഓഫീസുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും കാലാകാലങ്ങളിൽ പരിശോധന നടത്തിവരുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെ 'റേറ്റ് കോൺട്രാക്റ്റുകൾ' യഥാസമയം എല്ലാ വകുപ്പദ്ധ്യക്ഷൻമാരേയും സ്വയംഭരണ, പൊതുമേഖലാ സഹകരണ സ്ഥാപന മേധാവികളേയും അറിയിക്കാറുണ്ട്. കൂടാതെ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളെ അറിയിക്കുന്നതിനായി എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും അയച്ചുകൊടുക്കുന്നുണ്ട്. സ്റ്റോർ പർച്ചേസ് മാനുവൽ ഗവൺമെന്റ് പ്രസിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. മാനുവൽ ഇതുവരെയുള്ള ഭേദഗതികൾ ചേർത്ത് 1000 കോപ്പി അച്ചടിക്കുന്നതിന് 26.10.1998 -ൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(സി) സ്റ്റോർ പർച്ചേസ് മാനുവൽ പരിഷ്കരിക്കുന്നതിന് 20.12.97-ൽ ഒരു സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) മലയാളത്തിൽ ലഭ്യമല്ല.

(ഇ) റേറ്റ് കോൺട്രാക്റ്റ് ഉത്തരവുകളുടെ പകർപ്പുകൾ ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസിന് യഥാസമയം അയച്ചു കൊടുക്കുന്നുണ്ട്.

(എഫ്) ലിസ്റ്റ് സാധാരണയായി പ്രസിദ്ധീകരിക്കാറില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1450) സ്വകാര്യ നിക്ഷേപം

ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യനിക്ഷേപം കൂട്ടേണ്ടതിനെപ്പറ്റി സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര കോടിരൂപ സ്വകാര്യ നിക്ഷേപമായി കണ്ടെത്താനാണ് ലക്ഷ്യമിട്ടിരുന്നതെന്നും ഇതിൽ എത്ര നേട്ടം കൈവരിക്കാനായിട്ടുണ്ടെന്നും ഓരോ സാമ്പത്തിക വർഷത്തിന്റെയും അടിസ്ഥാനത്തിൽ വിശദമാക്കുമോ?

(സി) ഈ കാലയളവിൽ സ്വകാര്യ നിക്ഷേപം മൂലം ഏതൊക്കെ പദ്ധതികൾക്ക്/സ്ഥാപനങ്ങൾക്ക് തുടക്കമിടാൻ കഴിഞ്ഞിട്ടുണ്ടെന്നും എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വിവരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനും സംസ്ഥാനത്തെ അഭ്യസ്തവിദ്യർക്കിടയിൽ ഇന്നനുഭവ

LIBRARY ARCHIVES Kerala Legislative Assembly